# കൊലൊസ്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിൻെറ
അപ്പൊസ്തലനായ പൗലൊസും സ
ഹോദരനായ തിമൊഥെയോസും,
2ക്രിസ്തുവിൽ വിശുദ്ധരും വിശ്വസ്തരു
മായി[a] കൊലൊസ്യയിലുള്ള സഹോദരർക്ക്
എഴുതുന്നത്:
നമ്മുടെ പിതാവായ ദൈവത്തിൽനിന്നും[b]
നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

*സ്തോത്രവും പ്രാർത്ഥനയും*

3സുവിശേഷത്തിൻെറ സത്യവചനത്തിൽ നി
ങ്ങൾ മുമ്പു കേട്ടതായി സ്വർഗ്ഗത്തിൽ നിങ്ങൾ
ക്കുവേണ്ടി സൂക്ഷിച്ചിട്ടുള്ള പ്രത്യാശനിമിത്തം
4ക്രിസ്തുയേശുവിൽ നിങ്ങൾക്കുള്ള വിശ്വാസ
ത്തെയും സകലവിശുദ്ധരോടും നിങ്ങൾക്കുള്ള
സ്നേഹത്തെയുംപറ്റി കേട്ടിട്ടു നിങ്ങൾ
ക്കുവേണ്ടി എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടു
5ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ പിതാവായ ദൈവത്തിനു സ്തോത്രം
ചെയ്യുന്നു. 6ആ സുവിശേഷം ലോകത്തിൽ
എല്ലായിടത്തും എന്നപോലെ നിങ്ങളുടെ അടു
ക്കലും എത്തി; നിങ്ങൾ അതു കേൾക്കുകയും
ദൈവകൃപ യഥാർത്ഥമായി ഗ്രഹിക്കുകയും
ചെയ്ത നാൾമുതൽ സർവ്വലോകത്തിലും എന്ന
പോലെ നിങ്ങളുടെ ഇടയിലും അതു ഫലം പുറ
പ്പെടുവിച്ചും വളർന്നുംകൊണ്ടിരിക്കുന്നു.
7ഞങ്ങളുടെ പ്രിയ സഹഭൃത്യനും നിങ്ങൾ
ക്കുവേണ്ടി ക്രിസ്തുവിൻെറ വിശ്വസ്തശുശ്രൂ
ഷകനുമായ എപ്പഫ്രാസിൽനിന്നു നിങ്ങൾ
അതു ഗ്രഹിച്ചിട്ടുണ്ടല്ലോ. 8നിങ്ങൾക്ക് ആത്മാ
വിലുള്ള സ്നേഹം അദ്ദേഹം ഞങ്ങളെ അറിയി
ച്ചിട്ടുമുണ്ട്.
9അതുകൊണ്ടു ഞങ്ങൾ അതു കേട്ടനാൾ
മുതൽ നിങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥി
ക്കുന്നു. 10നിങ്ങൾ എല്ലാ വിവേകത്തോടും
ആത്മികജ്ഞാനത്തോടുംകൂടി ദൈവഹിത
ത്തെക്കുറിച്ചുള്ള പരിജ്ഞാനംകൊണ്ടു
നിറഞ്ഞവരാകണമെന്നും എല്ലാ കാര്യത്തിലും
കർത്താവിനെ പ്രസാദിപ്പിച്ചുകൊണ്ടു അവിടു
ത്തേക്കു യോഗ്യമായവിധം നടന്നും സകല
സൽപ്രവൃത്തികളിലും ഫലം കായിച്ചും ദൈവി
ക പരിജ്ഞാനത്തിൽ വളരണമെന്നും 11സന്തോ
ഷപൂർവ്വം സകല സഹിഷ്ണുതയും ദീർ
ഘക്ഷമയും കാണിക്കുവാൻവേണ്ടി അവി
ടുത്തെ മഹത്ത്വകരമായ വല്ലഭത്വത്തിനൊ
ത്തവണ്ണം എല്ലാ ശക്തിയും പ്രാപിച്ചു
ബലപ്പെടണമെന്നും 12വിശുദ്ധർക്കു വെളി
ച്ചത്തിലുള്ള അവകാശത്തിൻെറ ഓഹരിക്കു
നമ്മെ യോഗ്യരാക്കുകയും ഇരുട്ടിൻെറ അധി
കാരത്തിൽനിന്നു വിടുവിച്ച് 13തൻെറ
സ്നേഹസ്വരൂപനായ പുത്രൻെറ രാജ്യത്തിൽ
നമ്മെ പ്രവേശിപ്പിക്കുകയും ചെയ്ത പിതാവിനു
സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാ
യിത്തീരണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.
14ആ പുത്രനിൽ നമുക്കു പാപമോചനമെന്ന
വീണ്ടെടുപ്പുണ്ട്[c].

*ക്രിസ്തു പരമോന്നതൻ*

15ക്രിസ്തു അദൃശ്യനായ ദൈവത്തിൻെറ
പ്രതിരൂപവും സകല സൃഷ്ടിക്കും ആദ്യജാ
തനും ആകുന്നു. 16സ്വർഗ്ഗത്തിലും ഭൂമിയിലും
ഉള്ള ദൃശ്യവും അദൃശ്യവും ആയ സകലവും,
സിംഹാസനങ്ങളോ കർത്തൃത്വങ്ങളോ വാഴ്ചക
ളോ അധികാരങ്ങളോ എല്ലാംതന്നേ ക്രിസ്തു
മുഖാന്തരവും ക്രിസ്തുവിനായിട്ടും സൃഷ്ടിക്ക
പ്പെട്ടിരിക്കുന്നു. 17അവിടുന്ന് എല്ലാറ്റിനുംമുമ്പേ
ഉള്ളവൻ; സകലത്തിനും അവിടുന്ന് ആധാരമാ
യിരിക്കുന്നു. 18അവിടുന്ന് സഭയെന്ന ശരീ
രത്തിൻെറ ശിരസ്സ് ആകുന്നു; സകലത്തിലും
തനിക്കു പ്രഥമസ്ഥാനം ലഭിക്കേണ്ടതിന് അവി
ടുന്ന് ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാ
തനും ആകുന്നു. 19ദൈവത്തിൻെറ സർ
വ്വസമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കുവാ
നും 20ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ

[a] 2 അല്ലെങ്കിൽ *വിശ്വാസികളുമായി* [b] 2 ചില കയ്യെഴുത്തുപ്രതികളിൽ *കർത്താവായ യേശുക്രിസ്തുവിൽ നിന്നും* എന്നുംകൂടി കാണുന്നു. [c] 14 ചില കയ്യെഴുത്തുപ്രതികളിൽ *അവിടുത്തെ രക്തത്താലുള്ള വീണ്ടെടുപ്പ്*

രക്തംകൊണ്ടു സമാധാനം ഉണ്ടാക്കി, ഭൂമിയി
ലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ ആയ സകല
ത്തെയും തന്നോടു നിരപ്പിക്കുവാനും പിതാവി
നു പ്രസാദം തോന്നി.
21മുമ്പേ ദുഷ്പ്രവൃത്തികളാൽ ദൈവത്തിൽ
നിന്ന് അകന്നുപോയവരും ശത്രുക്കളും ആയി
രുന്ന നിങ്ങളെ 22ഇപ്പോൾ വിശുദ്ധരും നി
ഷ്കളങ്കരും അനിന്ദ്യരുമായി തന്റെ മുമ്പിൽ
നിറുത്തേണ്ടതിന് അവിടുന്ന് ക്രിസ്തുവിന്റെ
ജഡശരീരത്തിൽ, ക്രിസ്തുവിന്റെ മരണ
ത്താൽ നിരപ്പിച്ചിരിക്കുന്നു. 23ആകാശത്തിൻകീ
ഴിൽ സകലസൃഷ്ടികളോടും ഘോഷിച്ചും നി
ങ്ങൾ കേട്ടും പൗലൊസ് എന്ന ഞാൻ ശുശ്രൂ
ഷകനായും ഇരിക്കുന്ന സുവിശേഷത്തിന്റെ
പ്രത്യാശയിൽനിന്ന് ഇളകിപ്പോകാതെ നിങ്ങൾ
വിശ്വാസത്തിൽ വേരൂന്നിയവരും അടിസ്ഥാന
പ്പെട്ടവരുമായി തുടരുമെങ്കിൽ നിങ്ങൾ അങ്ങ
നെ അവിടുത്തെ മുമ്പിൽ നില്ക്കും.

*സഭയ്ക്കുവേണ്ടി*
*പൗലൊസിന്റെ അധ്വാനം*

24നിങ്ങൾക്കുവേണ്ടിയുള്ള കഷ്ടതകളിൽ ഇ
പ്പോൾ ഞാൻ സന്തോഷിക്കുകയും ക്രിസ്തു
വിന്റെ കഷ്ടതകളിൽ കുറവുള്ളത് സഭയാ
കുന്ന അവിടുത്തെ ശരീരത്തിനുവേണ്ടി എന്റെ
ശരീരത്തിൽ പൂർത്തിയാക്കുകയും ചെയ്യുന്നു.
25നിങ്ങൾക്കുവേണ്ടി ദൈവം എനിക്കു നല്കി
യ നിയോഗപ്രകാരം ദൈവവചനഘോഷണം
പൂർണ്ണമായി നിറവേറ്റുവാൻ ഞാൻ സഭയുടെ
ശുശ്രൂഷകനായിത്തീർന്നു. 26ഈ വചനം യു
ഗങ്ങൾക്കും തലമുറകൾക്കും മറഞ്ഞിരുന്ന മർ
മ്മം എങ്കിലും ഇപ്പോൾ അവിടുത്തെ വിശുദ്ധർ
ക്കു വെളിപ്പെട്ടിരിക്കുന്നു. 27വിജാതീയരുടെയി
ടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എ
ന്തെന്നു വെളിപ്പെടുത്തുവാൻ ദൈവത്തിന്
ഇഷ്ടമായി; മഹത്ത്വത്തിന്റെ പ്രത്യാശയായ
ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതാണ്
ആ മർമ്മം.
28ഏതു മനുഷ്യനെയും ക്രിസ്തുവിൽ
തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു
മനുഷ്യനോടും പ്രബോധിപ്പിക്കയും ഏതു
മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തു
കൊണ്ടു ഞങ്ങൾ ക്രിസ്തുവിനെ പ്രസംഗി
ക്കുന്നു. 29ഈ ലക്ഷ്യത്തിനുവേണ്ടി ഞാൻ
എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവി
ടുത്തെ ശക്തിക്ക് അനുസൃതമായി പോരാ
ടിക്കൊണ്ട് അധ്വാനിക്കുന്നു.

2 നിങ്ങൾക്കും ലവുദിക്യയിലുള്ളവർക്കും
എന്നെ അഭിമുഖമായി കണ്ടിട്ടില്ലാത്ത
എല്ലാവർക്കുംവേണ്ടി ഞാൻ എത്രയധികം
പോരാടുന്നെന്നു നിങ്ങൾ അറിയാൻ ഞാൻ ആ
ഗ്രഹിക്കുന്നു. 2അവർ ക്രിസ്തുവെന്ന ദൈവമർ
മ്മത്തിന്റെ പൂർണ്ണമായ അറിവും പരിജ്ഞാ
നത്തിന്റെ പൂർണ്ണബോധ്യമെന്ന സമ്പത്തും
പ്രാപിക്കുവാൻ തക്കവണ്ണം ഹൃദയത്തിൽ
ഉത്സാഹംപൂണ്ട് സ്നേഹത്തിൽ ഏകീഭവിച്ച
വരായിത്തീരണമെന്നാണ് എന്റെ താല്പര്യം.
3ദൈവമർമ്മമായ ക്രിസ്തുവിൽ വിവേക
ത്തിന്റെയും ജ്ഞാനത്തിന്റെയും എല്ലാ
നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു. 4പ്രലോ
ഭനവാക്കുകളാൽ ആരും നിങ്ങളെ വഞ്ചിക്കാ
തിരിക്കാനാണു ഞാൻ ഇതു പറയുന്നത്.
5ഞാൻ ശരീരംകൊണ്ടു ദൂരസ്ഥനെങ്കിലും
ആത്മാവിൽ സമീപസ്ഥനായി നിങ്ങളുടെ ക്രമീ
കൃതജീവിതവും ക്രിസ്തുവിലുള്ള സുസ്ഥിര
മായ വിശ്വാസവും കണ്ട് സന്തോഷിക്കുന്നു.

*ക്രിസ്തുവിലുള്ള പൂർണ്ണജീവിതം*

6അതിനാൽ നിങ്ങൾ ക്രിസ്തുയേശുവിനെ
കർത്താവായി കൈക്കൊണ്ടതുപോലെ അവി
ടുത്തോടുള്ള കൂട്ടായ്മയിൽ നടക്കുവിൻ.
7ക്രിസ്തുവിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരാ
യി, നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതുപോലെ, വിശ്വാ
സത്തിൽ ഉറച്ചും സ്തോത്രത്തിൽ നിറഞ്ഞുകവി
ഞ്ഞും ഇരിക്കുവിൻ.
8തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട്
ആരും നിങ്ങളെ വശീകരിച്ച് അടിമപ്പെടുത്തരു
ത്. അത് ക്രിസ്തുവിന്റെയല്ല, മാനുഷിക പാ
രമ്പര്യത്തിന്റെയും ലോകത്തിന്റെ ആദ്യപാ
ഠങ്ങളുടെയും മാർഗ്ഗമാണ്.
9ക്രിസ്തുവിൽ ദൈവത്തിന്റെ സർ
വ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നു;
10എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും
തലയായ ക്രിസ്തുവിൽ നിങ്ങളും പൂർണ്ണത
പ്രാപിച്ചിരിക്കുന്നു. 11അദ്ദേഹത്തിൽ നിങ്ങൾ
ക്കും, ക്രിസ്തുവിനാലുള്ള പരിച്ഛേദനം മു
ഖാന്തരം ജഡശരീരം നീക്കം ചെയ്തതിലൂടെ,
കൈകൊണ്ടല്ലാത്ത പരിച്ഛേദനവും ലഭിച്ചു.
12സ്നാനത്തിൽ നിങ്ങൾ ക്രിസ്തുവിനോടു
കൂടെ കുഴിച്ചിടപ്പെടുകയും ക്രിസ്തുവിനെ മരി
ച്ചവരിൽനിന്ന് ഉയിർപ്പിച്ച ദൈവശക്തിയിലുള്ള
വിശ്വാസത്താൽ അവിടുത്തോടൊപ്പം ഉയിർപ്പി
ക്കപ്പെടുകയും ചെയ്തു.
13അതിക്രമങ്ങളിലും പരിച്ഛേദനം
ഏല്ക്കാത്ത പാപപ്രകൃതിയിലും മരിച്ചവരായ
നിങ്ങളെ ദൈവം ക്രിസ്തുവിനോടുകൂടെ ഉയിർ
പ്പിച്ചു. അതിക്രമങ്ങളെല്ലാം നമ്മോടു ക്ഷമിച്ചു;
14ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവു
മായിരുന്ന കയ്യെഴുത്ത് അവിടുന്ന് മായ്ച്ചുകളയു
കയും ക്രൂശിൽ തറച്ചു നമ്മുടെ മധ്യത്തിൽനിന്നു
നീക്കിക്കളയുകയും ചെയ്തു. 15അവിടുന്ന് വാ
ഴ്ചകളെയും അധികാരങ്ങളെയും നിരായുധരാ

ക്കി ക്രൂശിൽ അവയുടെമേൽ ജയോത്സവം
കൊണ്ടാടി; അവയെ പരസ്യമായ കാഴ്ചയാക്കി.
16അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ
സംബന്ധിച്ചോ, പെരുന്നാൾ, അമാവാസി,
ശബ്ബത്ത് എന്നിവയിലോ ആരും നിങ്ങളെ
വിധിക്കുവാൻ ഇടയാകരുത്. 17ഇവ വരുവാനു
ള്ളവയുടെ പ്രതിരൂപം മാത്രമാണ്. എന്നാൽ സ്വ
രൂപം ക്രിസ്തുവത്രേ. 18സ്വന്ത ദർശനങ്ങളിൽ
ആശ്രയിച്ച്, ജഡമനസ്സിൽ ദുരഭിമാനംപൂണ്ട്, ശി
രസ്സിനെ മുറുകെ പിടിക്കാതെ കപടവി
നയത്തിലും ദൂതന്മാരെ ആരാധിക്കുന്നതിലും
രസിക്കുന്ന ഒരുവനും നിങ്ങളെ സമ്മാനത്തിന്
അയോഗ്യരാക്കരുത്. 19ശിരസ്സായ ക്രിസ്തുവിൽ
നിന്നാണല്ലോ ശരീരം മുഴുവനും സന്ധി
ബന്ധങ്ങളാലും ഞരമ്പുകളാലും ഏകീഭവിച്ചും
പോഷണം സ്വീകരിച്ചും ദൈവത്തിൽനിന്നുള്ള
വളർച്ച പ്രാപിക്കുന്നത്.
20നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഈ
ലോകത്തിന്റെ പ്രാഥമിക പ്രമാണങ്ങൾക്കു മരി
ച്ചുവെങ്കിൽ, ഇപ്പോഴും ലൗകികരെപ്പോലെ 21
'തൊടരുത്! രുചിക്കരുത്! പിടിക്കരുത്' എന്നി
ങ്ങനെയുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്ന
തെന്തുകൊണ്ട്? 22മാനുഷികകല്പനകളെയും
ഉപദേശങ്ങളെയും ആശ്രയിച്ചുള്ള ഇവയെല്ലാം
ഉപയോഗത്താൽ നശിച്ചുപോകുന്നവയാണ്. 23
സ്വേച്ഛരാരാധന, കപടവിനയം, ശരീരപീഡനം
എന്നിവയിൽ രസിക്കുന്നവർക്കു ജ്ഞാ
നത്തിന്റെ ബാഹ്യരൂപംമാത്രമുള്ള കാര്യങ്ങളാ
ണ് ഇവയെല്ലാം; ജഡാഭിലാഷങ്ങളെ നിയന്ത്രി
ക്കുന്നതിന് ഇവയൊന്നും ഉപകരിക്കുന്നില്ല.

*വിശുദ്ധജീവിതത്തിനുള്ള നിയമങ്ങൾ*

3 അതുകൊണ്ട് നിങ്ങൾ ക്രിസ്തുവിനോടു
കൂടെ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ
ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരി
ക്കുന്നേടമായ ഉയരത്തിലുള്ളത് അന്വേഷിക്കു
വിൻ. 2ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു
തന്നേ ചിന്തിപ്പിൻ. 3നിങ്ങൾ മരിച്ച്, നിങ്ങളുടെ
ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ
മറഞ്ഞിരിക്കുന്നു. 4നിങ്ങളുടെ[a] ജീവനായ
ക്രിസ്തു വെളിപ്പെടുമ്പോൾ അവിടുത്തോ
ടൊപ്പം നിങ്ങളും തേജസ്സിൽ വെളിപ്പെടും.
5അതിനാൽ ദുർവൃത്തി, അശുദ്ധി, ദുഷ്കാമം,
ദുരാഗ്രഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം
എന്നിങ്ങനെ നിങ്ങളുടെ ഭൗമികസ്വഭാവങ്ങളെ
മരിപ്പിക്കുവിൻ. 6ഇവ നിമിത്തം ദൈവകോപം[b]
ഉണ്ടാകുന്നു. 7ഇവയിൽ ജീവിച്ചിരുന്ന കാലത്തു
നിങ്ങളും ഇവയെ അനുസരിച്ചു നടന്നിരുന്നു.
8എന്നാൽ ഇപ്പോൾ കോപം, ക്രോധം, വിദ്വേഷം,
ദൂഷണം, അശ്ലീലഭാഷണം ഇവയൊക്കെയും
വിട്ടുകളയുക. 9അന്യോന്യം വ്യാജം പറയരുത്;
നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തി
കളോടുകൂടെ ഉരിഞ്ഞുകളഞ്ഞിട്ട്, 10തന്റെ
സ്രഷ്ടാവിന്റെ പ്രതിരൂപത്തിൽ പരിജ്ഞാന
പ്രകാരം പുതുക്കം പ്രാപിച്ച പുതുമനുഷ്യനെ
ധരിച്ചിരിക്കുന്നുവല്ലോ. 11ഇതിൽ ഗ്രീക്കുകാ
രനെന്നോ, യഹൂദനെന്നോ, പരിച്ഛേദനം
ഏറ്റവനെന്നോ, ഏല്ക്കാത്തവനെന്നോ, ബർ
ബ്ബരൻ, സിഥിയൻ, ദാസൻ, സ്വതന്ത്രൻ എന്നോ
ഭേദം ഇല്ല; ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം
ആയിരിക്കുന്നത്.
12അതുകൊണ്ട് ദൈവത്താൽ തിരഞ്ഞെ
ടുക്കപ്പെട്ടവരും വിശുദ്ധരും പ്രിയരുമായി
മനസ്സലിവ്, ദയ, വിനയം, സൗമ്യത, ക്ഷമ,
എന്നിവ ധരിച്ചുകൊൾവിൻ. 13അന്യോന്യം
ക്ഷമിക്കുകയും സഹിക്കുകയും ചെയ്‌വിൻ;
ഒരാൾക്കു മറ്റൊരാൾക്കെതിരേ പരാതി
ഉണ്ടായാൽ ക്രിസ്തു നിങ്ങളോടു ക്ഷമി
ച്ചതുപോലെ നിങ്ങളും ക്ഷമിപ്പിൻ.
14ഇതിനെല്ലാം ഉപരി സമ്പൂർണ്ണതയുടെ
പരസ്പരബന്ധമായ സ്നേഹം ധരിപ്പിൻ.
15ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ
ഹൃദയങ്ങളിൽ വാഴട്ടെ. അതിനായിട്ടാണല്ലോ
ഏകശരീരമായി നിങ്ങൾ വിളിക്കപ്പെട്ടത്. നന്ദി
യുള്ളവരായിരിപ്പിൻ. 16നിങ്ങൾ സകല പരി
ജ്ഞാനത്തോടുംകൂടി അന്യോന്യം പഠിപ്പിക്കു
കയും ബുദ്ധിയുപദേശിക്കുകയും ദൈവത്തിനു
നന്ദിനിറഞ്ഞ ഹൃദയത്തോടെ സങ്കീർ
ത്തനങ്ങളും സ്തുതിഗീതങ്ങളും ആത്മീയഗാ
നങ്ങളും ആലപിക്കുകയും ചെയ്‌വിൻ. ഇങ്ങനെ
ക്രിസ്തുവിന്റെ വചനം നിങ്ങളിൽ ധൈര്യമാ
യി വാഴട്ടെ. 17വാക്കിനാലോ പ്രവൃത്തിയാലോ
എന്തുചെയ്താലും അതെല്ലാം കർത്താവായ
യേശുവിന്റെ നാമത്തിൽ ചെയ്തും അവിടുന്ന്
മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം
അർപ്പിച്ചുംകൊണ്ടിരിക്കുവിൻ.

*ക്രിസ്തീയ കുടുംബം*

18ഭാര്യമാരേ, കർത്താവിൽ യോഗ്യമായവിധം,
നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പെട്ടിരിക്കു
വിൻ.

19ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ
സ്നേഹിക്കുവിൻ, അവരോടു കൈപ്പായിരി
ക്കരുത്.

20മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ
സകലത്തിലും അനുസരിപ്പിൻ, അതു കർത്താ
വിനു പ്രസാദമല്ലോ.

21പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ മനസ്സു

[a] 4 ചില കയ്യെഴുത്തുപ്രതികളിൽ *നമ്മുടെ* എന്നും കാണുന്നു
[b] 6 ചില കയ്യെഴുത്തുപ്രതികളിൽ *അനുസരണംകെട്ടവരുടെമേൽ* എന്നുകൂടി കാണുന്നു.

തളർന്നവരാകാതിരിക്കേണ്ടതിന് അവരെ
കോപിപ്പിക്കരുത്. അങ്ങനെ ചെയ്താൽ അവർ
അധൈര്യപ്പെട്ടു പോകും.
22ദാസന്മാരേ, ഭൂമിയിലുള്ള നിങ്ങളുടെ
യജമാനന്മാരെ അനുസരിക്കുവിൻ: മനുഷ്യരെ
പ്രസാദിപ്പിക്കുന്നതുപോലെ ദൃഷ്ടിസേവയാ
ലല്ല, ഏകാഗ്രഹൃദയത്തോടും ദൈവഭയ
ത്തോടുംകൂടി അവരെ അനുസരിപ്പിൻ. 23നി
ങ്ങൾചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല,
കർത്താവിനെന്നപോലെ ഹൃദയപൂർവ്വം
ചെയ്വിൻ: 24അവകാശം എന്ന പ്രതിഫലം
കർത്താവിൽനിന്നു ലഭിക്കുമെന്ന് അറി
ഞ്ഞുകൊൾവിൻ. കർത്താവായ ക്രിസ്തു
വിനെയാണല്ലോ നിങ്ങൾ സേവിക്കുന്നത്.
25തെറ്റു ചെയ്തവന്, താൻ ചെയ്ത തെറ്റിനു
തക്ക ശിക്ഷ കിട്ടും; അവിടെ മുഖപക്ഷം ഇല്ല.

4 യജമാനന്മാരേ, നിങ്ങൾക്കും സ്വർഗ്ഗത്തിൽ
ഒരു യജമാനൻ ഉണ്ടെന്നോർത്തു ദാ
സരോടു നീതിയും ന്യായവും പുലർത്തുവിൻ.

*കൂടുതൽ നിർദ്ദേശങ്ങൾ*

2പ്രാർത്ഥനയിൽ ജാഗരിപ്പിൻ, സ്തോത്ര
ത്തോടെ അതിൽ തുടരുവിൻ. 3എന്റെ
ബന്ധനത്തിനു കാരണമായ ക്രിസ്തുവിന്റെ
മർമ്മം പ്രസ്താവിക്കുവാൻവേണ്ടി ദൈവം
ഞങ്ങൾക്കു വചനത്തിന്റെ വാതിൽ തുറന്നു
തരേണ്ടതിനും 4എനിക്ക് അതു വേണ്ടുംവണ്ണം
വ്യക്തമായി ഘോഷിക്കാൻ കഴിയേണ്ടതിനും
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. 5സമയം
തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തു
ള്ളവരോടു വിവേകപൂർവ്വം പെരുമാറുവിൻ.
6ഓരോ വ്യക്തിയോടും എങ്ങനെ ഉത്തരം
പറയണമെന്നു ഗ്രഹിക്കുവാൻതക്കവണ്ണം സം
ഭാഷണം ഉപ്പിനാൽ രുചിവരുത്തിയതുപോലെ
എപ്പോഴും കൃപനിറഞ്ഞതായിരിക്കട്ടെ.

*ആശംസകൾ*

7കർത്താവിൽ പ്രിയ സഹോദരനും വിശ്വസ്
ത ശുശ്രൂഷകനും സഹഭൃത്യനുമായ തിഹി
ക്കൊസ് എന്റെ വാർത്തയെല്ലാം നിങ്ങളെ
അറിയിക്കും. 8ഞങ്ങളുടെ അവസ്ഥ നിങ്ങളെ
അറിയിക്കുവാനും[a] നിങ്ങളുടെ ഹൃദയങ്ങളെ
ആശ്വസിപ്പിക്കുവാനുമായി ഞാൻ അദ്ദേഹത്തെ
അയച്ചിരിക്കുന്നു. 9നിങ്ങളിൽ ഒരുവനായ ഒനേ
സിമൊസ് എന്ന വിശ്വസ്തനും പ്രിയനുമായ
സഹോദരനോടൊപ്പമാണ് അദ്ദേഹം അങ്ങോ
ട്ടു വരുന്നത്; ഇവിടുത്തെ വസ്തുതകളെല്ലാം
അവർ നിങ്ങളെ അറിയിക്കും.
10എന്റെ സഹബദ്ധനായ അരിസ്തർഹൊ
സും ബർന്നബാസിന്റെ മച്ചുനനായ മർക്കൊ
സും നിങ്ങളെ അഭിവാദനം ചെയ്യുന്നു. മർക്കൊ
സിനെപ്പറ്റി നിങ്ങൾക്കു നിർദ്ദേശം ലഭിച്ചിട്ടുണ്ട
ല്ലോ. നിങ്ങളുടെ അടുക്കൽ വന്നാൽ അദ്ദേഹ
ത്തെ സ്വാഗതം ചെയ്വിൻ. 11യുസ്തൊസ്
എന്നു വിളിക്കുന്ന യേശുവും നിങ്ങളെ വന്ദനം
ചെയ്യുന്നു. ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തി
ക്കുന്ന എന്റെ സഹപ്രവർത്തകരിൽ പരിച്
ഛേദനക്കാർ ഇവർ മാത്രമാണ്. ഇവർ എനിക്കു
ആശ്വാസമായിത്തീർന്നിരിക്കുന്നു. 12നിങ്ങളിൽ
ഒരുവനും ക്രിസ്തുയേശുവിന്റെ ദാസനുമായ
എപ്പഫ്രാസ് നിങ്ങൾക്ക് ആശംസകൾ
അയയ്ക്കുന്നു. നിങ്ങൾ ദൈവഹിതത്തെപ്പറ്റി
പൂർണ്ണനിശ്ചയമുള്ളവരായി നിലനില്ക്കേ
ണ്ടതിന് അദ്ദേഹം നിങ്ങൾക്കുവേണ്ടി പ്രാർത്ഥ
നയിൽ നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നു.
13നിങ്ങളെയും ലവുദിക്യയിലും ഹിയരപ്പൊലി
യിലും ഉള്ളവരെയുംപറ്റി അദ്ദേഹത്തിനു വള
രെ ഹൃദയഭാരമുണ്ട് എന്നതിനു ഞാൻ സാക്ഷി.
14നമ്മുടെ പ്രിയവൈദ്യനായ ലൂക്കൊസും ദേമാ
സും നിങ്ങളെ അഭിവാദനം ചെയ്യുന്നു. 15ലവുദി
ക്യയിലുള്ള സഹോദരരെയും നുംഫയെയും
അവളുടെ ഭവനത്തിലെ സഭയെയും എന്റെ
സ്നേഹാന്വേഷണം അറിയിക്കുക.
16ഈ ലേഖനം നിങ്ങൾ വായിച്ചതിനുശേഷം
ലവുദിക്യസഭയിലും വായിപ്പിക്കുകയും ലവുദി
ക്യയിൽനിന്നുള്ള ലേഖനം നിങ്ങളും വായിക്കു
കയും ചെയ്യണം.
17"കർത്താവിൽ നിനക്കു ലഭിച്ച ശുശ്രൂഷ നി
റവേറ്റുക" എന്ന് അർഹിപ്പൊസിനോടു പറയണം.
18പൗലൊസ് എന്ന ഞാൻ സ്വന്തം കൈ
കൊണ്ട് ഈ ആശംസ എഴുതുന്നു. എന്റെ
ബന്ധനങ്ങളെ ഓർത്തുകൊള്ളുവിൻ. കൃപ
നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

[a] 8 ചില കയ്യെഴുത്തുപ്രതികളിൽ *നിങ്ങളുടെ അവസ്ഥ അറിവാനും* എന്നും കാണുന്നു.